LIBRARY ARCHIVES Kerala Legislative Assembly

വായ്പാകരാർ തീയതി - 17-6-2016; തുക- 85 മില്യൺ യൂറോ; പിൻവലിക്കൽ കാലാവധി - 16-6-2022 വരെ; പലിശ നിരക്ക് - പ്രതിവർഷം 1.51%; തിരിച്ചടവ് - തിരിച്ചടവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.*

ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

141 (3168) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആരോഗ്യ വകുപ്പ് മങ്കട നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പ് മങ്കട നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്.

മങ്കട സി.എച്ച്.സി:

1) പുതിയ ഒ.പി. ബിൽഡിംഗിൽ ഒന്നാം നില, രണ്ടാം നില എന്നിവയുടെ നിർമ്മാണം.

2) ഫാർമസിയുടെ കെട്ടിടത്തിന് മുകളിൽ ഒന്നാം നില, രണ്ടാം നില എന്നിവയുടെ നിർമ്മാണം

3) വനിതാ വാർഡ് നിർമ്മാണം.

അങ്ങാടിപ്പുറം എഫ്.എച്ച്.സി.:

1) പുതിയ ഒ.പി. കെട്ടിടം നിർമ്മാണം.

മൂർക്കനാട് എഫ്.എച്ച്.സി.

1) ഭിന്നശേഷി തെറാപ്പി സെന്റർ പുതിയ കെട്ടിടം

2) എഫ്.എച്ച്.സി. ആയി നവീകരണം, മോഡിഫിക്കേഷൻ വർക്ക്.

പൂഴക്കാട്ടിരി സി.എച്ച്.സി.

1) പുതിയ ഒ.പി. കെട്ടിടം നിർമ്മാണം

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും എത്ര തുകയാണ് അനുവദിച്ചതെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലത്തെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	സ്ഥാപനം	പ്രവൃത്തി/അനുവദിച്ച തുക	നിലവിലെ സ്ഥിതി
1	മങ്കട സി.എച്ച്.സി.	കെട്ടിട നിർമ്മാണം 1 കോടി (MLA ഫണ്ട്) വനിതാ വാർഡ് നിർമ്മാണം 21,66,466 രൂപ (Block Panchayath Fund)	80% വർക്ക് പൂർത്തിയായി പണി പൂർത്തിയായി.
2	അങ്ങാടിപ്പുറം എഫ്.എച്ച്.സി.	പുതിയ ഒ.പി കെട്ടിടം 25 ലക്ഷം (LSGD Fund)	പണി പൂർത്തിയായി 230.02 ലക്ഷം (എൻ.എച്ച്.എം. ഫണ്ട്)
3	മൂർക്കനാട്	പുതിയ ഒ.പി. കെട്ടിടം (ഭിന്നശേഷി തെറാപ്പി സെന്റർ 20 ലക്ഷം (ജില്ലാ പഞ്ചായത്ത് ഫണ്ട് എഫ്.എച്ച്.സി. ആയി നവീകരണം 16.07 ലക്ഷം (NHM ഫണ്ട്) മോഡിഫിക്കേഷൻ വർക്ക് 47,000/-(LSGD ഫണ്ട്)	പണി പൂർത്തിയായി പണി പൂർത്തിയായി പണി പൂർത്തിയായി
4	പുഴക്കാട്ടിരി സി.എച്ച്.സി.	പുതിയ ഒ.പി കെട്ടിടം 25 ലക്ഷം (MLA ഫണ്ട്)	നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 415.09 ലക്ഷം (എൻ.എച്ച്.എം. ഫണ്ട്)
5	പി.എച്ച്.സി. പാങ്ങ്		15 ലക്ഷം നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.
6	പി.എച്ച്.സി. കൂട്ടിലങ്ങാടി		23.11 ലക്ഷം നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) മണ്ഡലത്തിൽ അടിയന്തരമായി നടപ്പിലാക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ പരിഗണനയിലുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

26-7-2021-ലെ G.O. (Rt.) No.1555/2021/H&FWD പ്രകാരം ആരോഗ്യ വകുപ്പിനുകീഴിൽ സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലും 'ഐസൊലേഷൻ വാർഡ്' സ്ഥാപിക്കുന്നതിന്റെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിലെ മങ്കട സി.എച്ച്.സി.-യെ ആണ് തെരഞ്ഞെടുത്തിരിക്കുന്നത്. സർക്കാരിന്റെ ആർദ്രം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു റവന്യൂ ബ്ലോക്കിലെ ഒരു സി.എച്ച്.സി.-യെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽനിന്നും മങ്കട റവന്യൂ ബ്ലോക്കിലെ മങ്കട സി.എച്ച്.സി.-യെ 1-8-2021-ലെ സ.ഉ.(സാധാ)നം. 1633/2021/ആ.കു.വ. പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്.

ഇ-സഞ്ജീവനി പദ്ധതി

142 (3169) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെലി മെഡിസിൻ സംവിധാനമായ ഇ-സഞ്ജീവനി പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

ഗ്രാമീണമേഖലയിലുള്ള ആരോഗ്യ സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിനായി കേന്ദ്ര സർക്കാർ പൊതുജനങ്ങൾക്കായി ആരംഭിച്ച പദ്ധതിയാണ് ഇ-സഞ്ജീവിനി ടെലിമെഡിസിൻ പ്ലാറ്റ്ഫോം. C-DAC മൊഹാലിയാണ് ഈ പ്ലാറ്റ്ഫോം നിർമ്മിച്ചിരിക്കുന്നത്. 2020 ജൂണിൽ ഇ-സഞ്ജീവിനി ടെലി മെഡിസിൻ സേവനങ്ങൾ കേരളത്തിൽ ആരംഭിച്ചു. കേന്ദ്രീകൃതമായ രീതിയിലാണ് സേവനങ്ങൾ നൽകിവരുന്നത്. കൂടാതെ സംസ്ഥാനത്തിനായുള്ള ടെലിമെഡിസിൻ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് ദിശയാണ്. പ്ലാറ്റ്ഫോമിൽ സേവനങ്ങൾ നൽകുന്ന സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉൾപ്പെടെ 4177 ഡോക്ടർ ഇ-സഞ്ജീവിനിയിൽ സേവനങ്ങൾ നൽകിവരുന്നു. എന്നാൽ ലോക്ക്ഡൗൺ സമയത്തും കോവിഡ് വ്യാപന സമയത്തും ദിവസേന 2000-ത്തിൽക്കൂടുതൽ പരിശോധനകളാണ് നടന്നത്. 2021 ജൂലൈ 28 വരെ 22010 കൺസൾട്ടേഷനുകളാണ് ഇ-സഞ്ജീവനിയിലൂടെ പൂർത്തിയാക്കിയത്. സംസ്ഥാനത്തൊട്ടാകെ ഇപ്പോൾ പ്രതിദിനം ശരാശരി 800-1100 ആളുകൾക്ക് ഇ-സഞ്ജീവിനി സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നു. 6 മിനിറ്റ് 42 സെക്കന്റ് സമയമാണ് ഒരു പരിശോധനയ്ക്കായി മാത്രം ശരാശരി ചെലവിടുന്നത്. കാത്തിരുപ്പ് സമയം 5 മിനിട്ട് 33 സെക്കന്റായി കുറയ്ക്കാൻ ഇ-സഞ്ജീവനിയിൽ ഒരുക്കിയ പുതിയ സംവിധാനം സഹായിച്ചു. സാങ്കേതികത്തികവുകൊണ്ടും

LIBRARY ARCHIVES Kerala Legislative Assembly